**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6179** | **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണസംഘങ്ങൾ കുടിശിക രഹിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണസംഘങ്ങൾ കുടിശിക രഹിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സഹകരണ സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് ആർബിട്രേഷൻ, എക്സിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇളവുകളോടെ കുടിശ്ശിക വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാറുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കിയത് പ്രകാരം 5791.28 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്കിൽ (കേരള ബാങ്കിൽ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. കേരള ബാങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2024 സെപ്റ്റംബർ 30 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കും കുടിശ്ശിക കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ബാങ്ക് 2022-23 വർഷം 100 ശതമാനം കുടിശ്ശിക നിവാരണം എന്ന പദ്ധതിയും, 2023-24 സാമ്പത്തിക വർഷം No New NPA (NNN) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ 31.03.2024- ലെ ബാക്കി നിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക അടച്ച് തീർത്ത് നടപടികളിൽ നിന്നും ഒഴിവാകുന്നതിനായി "ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സഹകരണ സംഘങ്ങളുടെ വായ്പകളിൽ കുടിശിക വരുത്തുന്നത് പ്രധാനമായും ഏതൊക്കെ മേഖലയിലാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | 2018, 2019 കാലയളവിലെ പ്രളയം, കോവിഡ് - 19 മഹാമാരി, മലയോര മേഖലകളിൽ വന്യമൃഗശല്യം മൂലമുള്ള കൃഷിനാശം, കാർഷിക ഉല്പനങ്ങളുടെ വിലയിടിവ് എന്നിവ ഉൾപ്പെടെയുള്ള കാരണങ്ങളാൽ വായ്പാക്കാരിൽ വരുമാനസാധ്യത കുറയ്ക്കുന്ന അവസ്ഥ സംജാതമായത് സഹകരണ സംഘം/ബാങ്കുകളിലെ എല്ലാത്തരം വായ്പകളിലും കുടിശ്ശിക വർദ്ധിച്ചു വരുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പരസ്പര ജാമ്യത്തിൽ അനുവദിക്കുന്ന വായ്പകളിലും, കാർഷിക വായ്പകളിലും, വായ്പാ തുക ഉയർന്ന കാർഷികേതര വായ്പകളിലും, വ്യാപാര വായ്പകളിലുമാണ് പൊതുവിൽ കുടിശ്ശിക വായ്പ തിരിച്ചടവിൽ കാലതാമസം ഉണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ